"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമ വികസന വകുപ്പ് - ജീവനക്കാര്യം - അക്കാഡമിക് ഇംപാക്ട് പദ്ധതിയുടെ ഭാഗമായി 2018 ഏപ്രിലിൽ ഐക്യരാഷ്ട്ര സഭയുടെ ആസ്ഥാനത്ത് വച്ച് നടന്ന കോൺഫറൻസിൽ 'ഇടം' പ്രോജക്ട് അവതരിപ്പിക്കുവാൻ ശ്രീ.സുദേശൻ (അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, കൊല്ലം) നടത്തിയ യാത്രയ്ക്ക് ചെലവഴിച്ച തുക 2515-00-001-49-04-1 (Tour TA) എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.322/2020/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 06.02.2020.**

---

പരാമർശം: 1. 24.03.2018-ലെ ഗ്രാമ വികസന കമ്മീഷണറുടെ 4790/എസ്റ്റാ.എ1/2018/സിആർഡി നമ്പർ കത്ത്.

2. സ.ഉ.(സാധാ)നം.1901/2018/പൊ.ഭ.വ. തീയതി 24.03.2018.

3. 10.12.2019-ലെ ഗ്രാമ വികസന കമ്മീഷണറുടെ 4790/എസ്റ്റാ.എ1/2018/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

ഐക്യരാഷ്ട്ര സഭയുടെ അക്കാഡമിക് ഇംപാക്ട് പദ്ധതിയുടെ ഭാഗമായി 2018 ഏപ്രിലിൽ നടത്തുവാൻ നിശ്ചയിച്ചിരുന്ന കോൺഫറൻസിലേക്ക് 'ഇടം' പ്രോജക്ട് അവതരിപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രിയെയും സംഘത്തെയും ക്ഷണിച്ചിരുന്നു. കൊല്ലം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറും, 'ഇടം' പദ്ധതിയുടെ കൺവീനറുമായ ശ്രീ.സുദേശൻ വി.-യും ഉദ്യോഗസ്ഥ സംഘത്തിൽ ഉൾപ്പെട്ടിരുന്നു. 'ഇടം' പദ്ധതി സംബന്ധിച്ച പഠന റിപ്പോർട്ടുകൾ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത് ഗ്രാമവികസന വകുപ്പിലെ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറായ ശ്രീ.സുദേശനായതിനാൽ, ടിയാൾ ന്യൂയോർക്കിൽ നടക്കുന്ന കോൺഫറൻസിൽ പങ്കെടുക്കുന്നത് ഗുണകരമായിരിക്കുമെന്നും, ഇതിനായി ടിയാൾക്ക് വിദേശ യാത്ര നടത്തുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം ഗ്രാമ വികസന കമ്മീഷണർ അഭ്യർത്ഥിച്ചിരുന്നു.

2. ബഹു. ഫിഷറീസ് വകുപ്പുമന്ത്രി, ജില്ലാ കളക്ടർ, കൊല്ലം, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), കൊല്ലം എന്നിവർക്ക് ഐക്യരാഷ്ട്ര സഭയുടെ അക്കാഡമിക് ഇംപാക്ട് പദ്ധതിയുടെ ഭാഗമായി 2018 ഏപ്രിൽ 7 മുതൽ 2018 ഏപ്രിൽ 14 വരെ ന്യൂയോർക്കിലെ ഐക്യരാഷ്ട്ര സഭയുടെ ആസ്ഥാനത്ത് വച്ച് നടത്തുവാൻ നിശ്ചയിച്ചിരുന്ന കോൺഫറൻസിൽ 'ഇടം' പ്രോജക്ട് അവതരിപ്പിക്കുവാൻ അനുമതി നല്കിക്കൊണ്ടും, ബഹു. മന്ത്രിയുടെയും മറ്റു രണ്ട് ഓഫീസർമാരുടെയും യാത്രയുമായി ബന്ധപ്പെട്ട ചെലവുകൾ സർക്കാർ വഹിക്കുന്നതാണെന്ന് വ്യക്തമാക്കിക്കൊണ്ടും പരാമർശം( 2) പ്രകാരം ഉത്തരവായിരുന്നു.

3. ശ്രീ.സുദേശൻ ന്യൂയോർക്കിലെ ഐക്യരാഷ്ട്ര സഭയുടെ ആസ്ഥാനത്ത് വച്ച് നടത്തിയ കോൺഫറൻസിൽ പങ്കെടുത്തിരുന്നുവെന്നും, പ്രസ്തുത യാത്രയുടെ ചെലവുകളും അനുബന്ധ ചെലവുകളുമായി 2,99,513/- രൂപ ടിയാൾ ചെലവഴിച്ചിട്ടുണ്ടെന്നും, ഇത് '2515-00-001-49-04-1 (Tour TA)' എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണെന്നും പരാമർശം (3) പ്രകാരം ഗ്രാമ വികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ അനുമതിയോടെ ഐക്യരാഷ്ട്ര സഭയുടെ അക്കാഡമിക് ഇംപാക്ട് പദ്ധതിയുടെ ഭാഗമായി 2018 ഏപ്രിൽ 7 മുതൽ 2018 ഏപ്രിൽ 14 വരെ ഐക്യരാഷ്ട്ര സഭയുടെ ആസ്ഥാനത്ത് വച്ച് നടന്ന കോൺഫറൻസിൽ 'ഇടം' പ്രോജക്ട് അവതരിപ്പിക്കുവാൻ ഗ്രാമവികസന വകുപ്പിലെ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറായ ശ്രീ.സുദേശൻ നടത്തിയ യാത്രയ്ക്ക് ചെലവഴിച്ച തുകയായ 2,99,513/- രൂപ '2515-00-001-49-04-1 (Tour TA)' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നല്കിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പ്രീത കെ.എസ്.**
**ഡെപ്യൂട്ടി സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ശ്രീ.സുദേശൻ.വി, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം/തൃശ്ശൂർ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ